C37454

'ഭരണഭാഷ - മാതൃഭാഷ'

വിവരാവകാശ നിയമം 2005
അടിയന്തിരം

# കേരള സർക്കാർ

നം. 1922920/സി.2/2017/സാനീവ

സാമൂഹ്യനീതി(സി) വകുപ്പ്,
തിരുവനന്തപുരം, തീയതി: 3/11/2017.

OFFICE OF THE DIRECTOR OF SOCIAL JUSTICE
09 NOV 2017
TRIVANDRUM

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ഖാലിദ് മുണ്ടിപ്പിള്ളി
മുണ്ടിപ്പിള്ളി വീട്, എടയപ്പുറം
ആലുവ പി.ഒ, എറണാകുളം - 683101

സർ,

വിഷയം: സാമൂഹ്യനീതി വകുപ്പ് - വിവരാവകാശ നിയമം 2005 പ്രകാരമുള്ള താങ്കളുടെ അപേക്ഷ - സംബന്ധിച്ച്

സൂചന: താങ്കളുടെ 18.10.2017 ലെ അപേക്ഷ

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. വിവരാവകാശ നിയമപ്രകാരം താങ്കൾ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരിക്കുന്ന വിവരങ്ങൾ താങ്കൾക്ക് നേരിട്ട് ലഭ്യമാക്കുന്നതിനായി പ്രസ്തുത അപേക്ഷയുടെ പകർപ്പ് വിവരാവകാശ നിയമത്തിന്റെ റൂൾ 6(3) പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്കും കേരള സാമൂഹ്യ സുരക്ഷാ മിഷനിലെ പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്കും സാമൂഹ്യനീതി വകുപ്പ് ഡയറക്ടറേറ്റിലെ പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് അയച്ചു കൊടുത്തിട്ടുണ്ടെന്ന വിവരം അറിയിക്കുന്നു.

ഈ മറുപടി സംബന്ധിച്ച താങ്കൾക്ക് എന്തെങ്കിലും ആക്ഷേപമുണ്ടെങ്കിൽ ആയത് സമർപ്പിക്കുന്നതിനിനുള്ള അപ്പീൽ അധികാരിയുടെ വിലാസം താഴെക്കൊടുത്തിരിക്കുന്നു.

<u>അപ്പീൽ അധികാരി</u>

ശ്രീമതി. ലീലാമണി
അപ്പീൽ അധികാരി & അഡിഷണൽ സെക്രട്ടറി
സാമൂഹ്യനീതി വകുപ്പ്, ഗവ.സെക്രട്ടേറിയറ്റ്
തിരുവനന്തപുരം. (ഫോൺ - 0471- 2518373)

വിശ്വസ്തതയോടെ,

**ബിന്ദു.കെ.കെ.**
സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
ഡെപ്യൂട്ടി സെക്രട്ടറി

പകർപ്പ് : സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ , തദ്ദേശ സ്വയംഭരണ വകുപ്പ്
പബ്ലിക് ഇൻഫർമേഷൻ ഓഫീസർ, സാമൂഹ്യ വകുപ്പ് ഡയറക്ടറേറ്റ്,
പബ്ലിക് ഇൻഫർമേഷൻ ഓഫീസർ, കേരള സാമൂഹ്യ സുരക്ഷാ മിഷൻ
പൂജപ്പുര, തിരുവനന്തപുരം
( സൂചനയിലെ അപേക്ഷയുടെ പകർപ്പ് അപേക്ഷകനു നിശ്ചിത സമയപരിധിയ്ക്കകം നേരിട്ട് മറുപടി നൽകുന്നതിനായി )

Khalid Mundappilly
Social Activist
(Human Rights R.T.I. & Anti Corruption)
e-mail : khalidmundappilly@gmail.com
Mob : 98950 54430, 9495994836

Residence
Mundappilly House
Thuruthiyil Lane
Edayappuram, Aluva P.O.,
Ernakulam Dist.
Kerala - 683 101

Ref No. Sl/RA/475/10/17.    Regd.

Date: 18.10.2017

പ്രേഷിതൻ:- ഖാലിദ് മുണ്ടപ്പിള്ളി, മുണ്ടപ്പിള്ളി വീട്, എടയപ്പുറം, ആലുവ. P.O. 683101

859/SC/17
21/2/17

സ്വീകർത്താവ്:- സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
ചീഫ് സെക്രട്ടറിയുടെ ഓഫീസ്.
ഗവൺമെന്റ്, സെക്രട്ടറിയേറ്റ്, തിരുവനന്തപുരം.

സർ,
വിഷയം: വിവരാവകാശ നിയമം-2005. സെക്ഷൻ 6(3) പ്രകാരമുള്ള അപേക്ഷ.

താഴെ പറയുന്ന കാര്യങ്ങളുടെ /വിവരങ്ങൾ ലഭ്യമാക്കുവാൻ അപേക്ഷ.

1:- സംസ്ഥാനത്ത് "സീനിയർ സിറ്റിസൺ" ക്ഷേമത്തിന് വേണ്ടി നടപ്പാക്കുന്ന പദ്ധതികളുടെ പേരു വിവരങ്ങളും ഇതിന് വേണ്ടി സജ്ജീകരിച്ചിരിക്കുന്ന സംസ്ഥാന കേന്ദ്രത്തിന്റേയും, ജില്ല, താലൂക്ക്, ജില്ലാ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ വഴിയാണെങ്കിൽ ടി കേന്ദ്രങ്ങളുടെയോ, പേരു വിവരങ്ങളും, അഡ്രസ്/ഫോൺ/ഇ-മെയിൽ/ഫാക്സ് മുതലായവയുടേയും വിവരം ലഭ്യമാക്കുക.

2: സീനിയർ സിറ്റിസൺസിന്റെ ക്ഷേമത്തിന് വേണ്ടി സംസ്ഥാനത്ത് വിവിധ ഗവൺമെന്റ് വകുപ്പുകൾ മുഖേനയോ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ മുഖേനയോ ഏതെല്ലാം പദ്ധതികളാണോ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. വിശദ വിവരങ്ങളും, രേഖകളുടെ പകർപ്പും. ഗവ: ഉത്തരവിന്റെ പകർപ്പും ലഭ്യമാക്കുക.

3: 2016-17 കാലഘട്ടത്തിൽ ടി പദ്ധതികൾക്കു വേണ്ടി എത്ര തുക അനുവദിച്ചു. ഗവൺമെന്റ് വകുപ്പുകൾക്കും, തദ്ദേശ സ്ഥാപനങ്ങൾക്കും പ്രത്യേകം, പ്രത്യേകം തുക അനുവദിച്ചിട്ടുണ്ടോ. ഇതു സംബന്ധിച്ച വിവരങ്ങളും, സർക്കാർ ഉത്തരവിന്റെയും രേഖകളുടേയും പകർപ്പുകൾ. കൂടാതെ അനുവദിച്ച തുക ചിലവാക്കാതെ നഷ്ടപ്പെട്ടിട്ടുണ്ടോ? ഉണ്ടെങ്കിൽ എത്ര തുക. മാത്രമല്ല ടി തുക, ഏതെങ്കിലും വകുപ്പിലേക്ക് വക മാറ്റി ചിലവാക്കിയിട്ടുണ്ടോ. വിശദ വിവരങ്ങൾ ലഭ്യമാക്കുക.

(Cont...d Page. 2)

4: 2017-18ൽ വിവിധ പദ്ധതികൾക്ക് വേണ്ടി ചിലവഴിക്കാൻ ഗവ: വിവിധ വകുപ്പുകൾ വഴിയും, തദ്ദേശ സ്ഥാപനങ്ങൾ വഴിയും നീക്കിവച്ചിട്ടുള്ള തുക സംബന്ധിച്ച വിവരങ്ങളും സർക്കാർ ഉത്തരവോ, മറ്റുരേഖകളോ, സർക്കുലറുകളോ ഉണ്ടെങ്കിൽ അതിന്റെ പകർപ്പുകൾ ലഭ്യമാക്കുക.

5: ഇത് കേന്ദ്ര ഗവ: പദ്ധതിയാണോ, അതോ സ്റ്റേറ്റ് ഗവ: പദ്ധതിയാണോ

6: കേന്ദ്രഗവ: പദ്ധതിയാണെങ്കിൽ സംസ്ഥാന സർക്കാർ മുഖേന പണം അനുവദിച്ച് സംസ്ഥാന ഗവ: വഴിയാണോ നടപ്പിലാക്കുന്നത്. അങ്ങനെയെങ്കിൽ കേന്ദ്ര ഗവ: 2016-17ലും 2017-18ലും തുക അനുവദിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ എത്ര തുക. കേന്ദ്രഗവ: ഉത്തരവുണ്ടെങ്കിൽ അതിന്റെ പകർപ്പ്

7:- സീനിയർ സിറ്റിസൺസിന്റെ ക്ഷേമത്തിനു വേണ്ടി "വയോമിത്രം" പദ്ധതി മറ്റേതെങ്കിലും പ്രത്യേക സ്ഥാപനങ്ങൾ സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്നുണ്ടോ? ഉണ്ടെങ്കിൽ പേര് വിവരങ്ങൾ, മേൽവിലാസം ഉദ്യോഗസ്ഥരുടെ വിവരങ്ങൾ ഇവ ലഭ്യമാക്കുക.

8:- സീനിയർ സിറ്റിസൺസിനു വേണ്ടി സർക്കാർ പദ്ധതികൾ നടപ്പിലാക്കുവാൻ, സർക്കാരല്ലാത്ത മറ്റേതെങ്കിലും സ്വകാര്യ ഏജൻസികളെ ഏൽപ്പിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അതിന്റെ വിവരങ്ങൾ. വിലാസം. അവരെ ഏൽപ്പിച്ച ജോലികൾ ഇവയുടെ വിവരങ്ങൾ ലഭ്യമാക്കുക. ഇതുസംബന്ധിച്ച സർക്കാർ ഉത്തരവിന്റെ പകർപ്പുകൾ.

9: സീനിയർ സിറ്റിസൺസിനു വേണ്ടി സർക്കാരല്ലാത്ത മറ്റേതെങ്കിലും സ്ഥാപനങ്ങൾ കേരളത്തിൽ പ്രവർത്തിക്കുന്നുണ്ടോ? അത്തരം സ്ഥാപനങ്ങൾ വിദേശരാജ്യങ്ങളിൽ നിന്നും സംഭാവനകൾ സ്വീകരിച്ച് പ്രവർത്തിക്കുന്നുണ്ടോ? ഉണ്ടെങ്കിൽ ടി സ്ഥാപനങ്ങളുടെ പേരും, മേൽവിലാസവും. ലഭ്യമാക്കുവാൻ അപേക്ഷ.

വിശ്വസ്തതയോടെ.

Khal...

ഖാലിദ് മുണ്ടപ്പിള്ളി.